color chalk

A TEAM OF TEACHERS

മലയാളം 4

2 ഹരിതം

# എന്റെ പനിനീർച്ചെടി



## എന്റെ നോട്ട് ബുക്ക്

THUVAKKUNNU L P SCHOOL

SUB DISTRICT - PANOOR , THALASSERY , KANNUR

ARJUN VS PANOOR

# ചോദ്യങ്ങളും ഉത്തരങ്ങളും

1. 'എന്റെ പനിനീർച്ചെടി' എന്ന കവിത എഴുതിയത് ആര് ? മേരിജോൺ കൂത്താട്ടുകുളം

2. 'മുറ്റം' എന്ന അർഥത്തിൽ കവിതയിൽ പ്രയോഗിച്ച പദം ഏത് ? അങ്കണം.

3. പനിനീർച്ചെടിയെ കാവൽമാലാഖയായി സംരക്ഷിച്ചത് ആരാണ് ? പെൺകുട്ടി.

4. പെൺകുട്ടിയുടെ മനം കുളിർപ്പിച്ച കാഴ്ച എന്തായിരുന്നു ?

   പനിനീർച്ചെടിയിൽ പുത്തൻ തളിരുകൾ ഉണ്ടായത്.

5. പനിനീർച്ചെടിയുടെ വളർച്ചയിൽ എന്തൊക്കെയാണ് പെൺകുട്ടി ശ്രദ്ധിച്ചത് ?

   എല്ലാദിവസവും പനിനീർച്ചെടിക്ക് വെള്ളമൊഴിച്ചു. ചെടി ഉച്ചവെയിലിൽ വാടാതെയും തളിരിലകൾ പ്രാണികൾ നശിപ്പിക്കാതെയും ശ്രദ്ധിച്ചു.

6. എപ്പോഴാണ് പനിനീർച്ചെടിയിൽ മൊട്ടുകളുണ്ടായത് ? മഞ്ഞുകാലത്ത്.

7. പൂമൊട്ടുകൾ ആരെ നോക്കിയാണ് മന്ദഹസിച്ചത് ? പുലരിയെ.

8. പനിനീർച്ചെടിയിൽ പൂക്കൾ വിരിഞ്ഞപ്പോൾ പെൺകുട്ടിയുടെ മനസ്സിലുണ്ടായ ആഹ്ലാദം കവിതയിൽ ചിത്രീകരിക്കുന്നതെങ്ങനെ ? ആനന്ദസാഗരം ആർത്തിരമ്പി
.

# കണ്ടെത്താം

**1 .കുട്ടി പനിനീർച്ചെടിയെ എങ്ങനെയെല്ലാമാണ് പരിപാലിച്ചത് ?**

ഓരോ ദിവസവും പനിനീർച്ചെടിക്ക് വെള്ളമൊഴിച്ചു. തളിരില കീടങ്ങൾ നശിപ്പിക്കാതെ സംരക്ഷിച്ചു. പുതുനാമ്പുകൾ ഉച്ചവെയിലേറ്റ് വാടാതെ ശ്രദ്ധിച്ചു. ഇങ്ങനെയെല്ലാമാണ് കുട്ടി പനിനീർച്ചെടിയെ പരിപാലിച്ചത്.

**2 . ഹേമന്തം വന്നപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് പനിനീർച്ചെടിക്ക് ഉണ്ടായത് ?**

ഹേമന്തം വന്നപ്പോൾ പനിനീർച്ചെടി തളിർത്തു മനോഹരിയായി മാറി. മഞ്ഞുതുള്ളിയാകുന്ന മുത്തണിഞ്ഞ് ചെടി സുമംഗലിയായി. ചെടിയിലെ ഓരോ ചില്ലയിലും മൊട്ടുകൾ ഉണ്ടായി.

# ചൊല്ലി രസിക്കാം

color chalk

A TEAM OF TEACHERS








**പൂന്താനത്തിന്റെ ജ്ഞാനപ്പാനയുടെ ഈണത്തിൽ**
**'എന്റെ പനിനീർച്ചെടി' എന്ന കവിത ചൊല്ലാം.**

ജ്ഞാനപ്പാനയിലെ ഏതാനും വരികൾ →

**ജ്ഞാനപ്പാന**

**CLICK HERE!**

ARJUN VS

# ആശയം വരുന്ന വരികൾ കണ്ടെത്താം

**1 .കുട്ടി പനിനീർച്ചെടിക്ക് വെള്ളമൊഴിച്ചു**

"ശീതളജലധാര പകർന്നു ഞാൻ"

**2 .കുട്ടിയുടെ മനസ്സിൽ സന്തോഷമുണ്ടായി**

"ആർത്തിരമ്പുകയായനുവേലമെ ന്നന്തരംഗത്തിലാനന്ദസാഗരം"

# കണ്ടെത്താം, എഴുതാം

**1 .സമാനാർഥമുള്ള പദങ്ങൾ കണ്ടെത്തി എഴുതൂ.**

1. **സന്തോഷം** : ആനന്ദം, മോദം , മനം കുളിർപ്പിക്കുക
2. **മഞ്ഞ്** : തുഷാരം, ഹിമം, നീഹാരം, തുഹിനം
3. **ശീതളം** : തണുപ്പ്, ശൈത്യം, സുശീതം, സുഷിമം
4. **പൂവ്** : പുഷ്പം, സുമം, മലർ, താര്.
5. **അങ്കണം** : മുറ്റം, ചത്വരം, അജിരം
6. **സാഗരം** : അബ്ധി, ആഴി, സമുദ്രം
7. **മനം** : മനസ്സ്, ചിത്തം, മാനസം
8. **വല്ലി** : ലത, വള്ളി, പ്രതതി

# പറയാം എഴുതാം

color chalk
A TEAM OF TEACHERS

**1 . ഹേമന്തം എന്നാൽ മഞ്ഞുകാലമാണല്ലോ. മറ്റ് ഏതൊക്കെ കാലങ്ങളെക്കുറിച്ച് നിങ്ങൾക്കറിയാം? അവയുടെ പ്രത്യേകതകൾ എന്തൊക്കെ? ഓരോന്നിനെക്കുറിച്ചും കുറിപ്പെഴുതൂ...**

വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം എന്നിങ്ങനെ ആറ് കാലങ്ങളാണുള്ളത്. മഴക്കാലം, മഞ്ഞുകാലം, വേനൽക്കാലം എന്നിങ്ങനെ മൂന്ന് കാലങ്ങളാണ് കേരളത്തിൽ അനുഭവപ്പെടുന്നത്.

ജൂൺ മുതൽ നവംബർ വരെ കേരളത്തിൽ മഴക്കാലമാണ്. തോരാതെ പെയ്യുന്ന മഴയും ഇടയ്ക്കിടെ തെളിയുന്ന വെയിലും മഴക്കാല പ്രകൃതിക്ക് ഭംഗി നൽകുന്നു. തോടുകളും പുഴകളും പാടങ്ങളുമൊക്കെ നിറഞ്ഞു കവിയുന്നതും ഈ കാലത്താണ്. ഓണക്കാലത്താണ് (ആഗസ്റ്റ്, സെപ്തംബർ) നമ്മുടെ നാട്ടിൽ ചെടികൾ ധാരാളമായി പൂക്കുന്നത്. കേരളത്തിന്റെ ഉപവസന്തം എന്നാണ് ഓണക്കാലത്തെക്കുറിച്ച്പറയാറുള്ളത്. ഡിസംബർ മുതൽ ഫെബ്രുവരി വരെയാണ് നമുക്ക് മഞ്ഞു കാലം. മഞ്ഞുകാലത്ത് രാവിലെ നോക്കിയാൽ പൂക്കളിലും ചെടികളിലും ഹിമകണങ്ങൾ പറ്റിപ്പിടിച്ചിരിക്കുന്നതു കാണാം. മാർച്ച് മുതൽ മെയ് വരെ വേനൽക്കാലമാണ്. പ്ലാവ്, മാവ് തുടങ്ങിയ വൃക്ഷങ്ങളിൽ ഫലങ്ങൾ പാകമാകുന്നതും വാക പോലെയുള്ള ചെടികൾ പൂക്കുന്നതും വേനൽക്കാലത്താണ്.

# എഴുതാം

color chalk

**ആർത്തിരമ്പുകയായനുവേലമെ-**
**ന്നന്തരംഗത്തിലാനന്ദ സാഗരം.**

**1. എന്തുകൊണ്ടാണ് കുട്ടിയുടെ മനസ്സിൽ ആനന്ദം ആർത്തിരമ്പിയത് ?**

കുട്ടി സ്നേഹിച്ചും പരിപാലിച്ചും വളർത്തിയ പനിനീർച്ചെടി മഞ്ഞുകാലത്ത് തളിർത്തു. അതിൽ മൊട്ടുകൾ വിരിഞ്ഞു. പൂമൊട്ടുകൾ പുലരിയെ നോക്കി പുഞ്ചിരിക്കുന്നതായി കുട്ടിക്ക് തോന്നി. ഇതുകണ്ട കുട്ടിയുടെ മനസ്സിൽ ആനന്ദം ആർത്തിരമ്പി.

**<u>നോക്കി നോക്കി</u> മനം കുളുർപ്പിക്കുവാൻ.**

**2. അടിവരയിട്ട പദം ശ്രദ്ധിച്ചുവല്ലോ. ഇതുപോലെ എഴുതാവുന്ന മറ്റ് വാക്കുകൾ കൂടി കണ്ടെത്തി ഈ വാക്കുകൾ വരുന്ന വാക്യങ്ങൾ എഴുതൂ...**

1. അവൻ ഓടി ഓടി മടുത്തു
2. കാഴ്ചകൾ കണ്ടുകണ്ടു നടന്നു.
3. കവിത കേട്ടുകേട്ടു മനഃപാഠമായി.
4. അവൾ നടന്നു നടന്നു തളർന്നു.
5. കഥ പറഞ്ഞു പറഞ്ഞു തീർന്നു.
6. അവൻ എഴുതിയെഴുതി തളർന്നു.

SANUVAS

# പ്രയോഗഭംഗി വിശദമാക്കാം

color chalk

**വിസ്മരിക്കാതെ നിന്നു ഞാനപ്പുതു**
**പുഷ്പവല്ലിക്കു കാവൽ മാലാഖയായ്**

**1. താൻ കാവൽമാലാഖയാണെന്ന് കുട്ടി കരുതാൻ കാരണമെന്തായിരിക്കും?**

ചെടിയെ വളരെയധികം സ്നേഹിച്ച കുട്ടി അതിനെ വളരെ കരുതലോടെ സംരക്ഷിച്ചുപോന്നു. ആ സംരക്ഷണം തന്നെയാണ് കാവൽ മാലാഖമാർ നന്മയുടെ കൂടെ മാത്രമേ ഉണ്ടാകൂ എന്ന് കുട്ടി വിശ്വസിക്കുന്നു. ചെടിയെ സംരക്ഷിക്കുക എന്ന നന്മ ചെയ്തത് കൊണ്ടാണ് താനും കാവൽ മാലാഖയാണെന്ന് കുട്ടിക്ക് തോന്നിയത്.

# വിവരണം തയാറാക്കാം

1. **പനിനീർച്ചെടി വീട്ടുമുറ്റത്തിന് അലങ്കാരമാണെന്ന് കണ്ടല്ലോ. വീട്ടുമുറ്റത്തിന് അലങ്കാരമായിത്തീരുന്ന ചെടികളെക്കുറിച്ച് വിവരണം തയാറാക്കാമോ?**

റോസ്, തെച്ചി, ചെമ്പകം, മുല്ല, പിച്ചകം, മന്ദാരം തുടങ്ങി പലവർണങ്ങളിലുള്ള പൂക്കളുമായി വീട്ടുമുറ്റത്തെ പൂന്തോട്ടത്തിൽ ചെടികൾ പുഞ്ചിരിച്ചു നിൽക്കുന്നു. പലനിറത്തിലുള്ള ഇലകളുള്ള ചെടികളും മുറ്റത്തിന് അലങ്കാരമായുണ്ട്. തേൻ തേടിയെത്തുന്ന പൂമ്പാറ്റകളും കരിവണ്ടുകളും കിളികളും എല്ലാം ചേരുമ്പോൾ പൂന്തോട്ടം ഒരു കൊച്ചുസ്വർഗമാകും. തുമ്പ, മുക്കുറ്റി തുടങ്ങി മറ്റനേകം ചെടികളും വീട്ടുമുറ്റത്തെ അലങ്കരിക്കുന്നു.

SANTHYA

# ആസ്വാദനക്കുറിപ്പ് (1)

color chalk
A TEAM OF TEACHERS

## എന്റെ പനിനീർച്ചെടി

കേരളത്തിലെ പ്രശസ്ത കവയിത്രി മേരിജോൺ കുത്താട്ടുകുളം എഴുതിയ മനോഹരമായ കവിതയാണ് എന്റെ പനിനീർച്ചെടി. വീട്ടുമുറ്റത്ത് നട്ടുവളർത്തിയ പനിനീർച്ചെടിയിൽ മൊട്ടുകളിട്ടതു കണ്ടപ്പോൾ അതിനെ വെള്ളമൊഴിച്ചു പരിപാലിച്ചു വളർത്തിയ പെൺകുട്ടിയുടെ കൊച്ചുമനസ്സിലുണ്ടായ ആഹ്ലാദത്തിന്റെ നിമിഷങ്ങളാണ് ഈ കവിതയിലൂടെ കവയത്രി നമുക്ക് നൽകുന്നത്. തന്റെ വീട്ടുമുറ്റത്ത് നട്ടുവളർത്തുന്ന പനിനീർച്ചെടിക്ക് എല്ലാ ദിവ സവും വെള്ളമൊഴിച്ചു കൊടുക്കും വെള്ളം കിട്ടിയപ്പോൾ വളരാൻ തുടങ്ങിയ ചെടിയിൽ കി ളിർത്തുവരുന്ന തളിരിലകൾ കണ്ടപ്പോൾ അവളുടെ മനസ്സിലെ സന്തോഷത്തിന് അതിരില്ലായിരുന്നു. വളർന്നു വരുന്ന ചെടിക്ക് ഉച്ചവെയിലേറ്റ് വാടാതിരിക്കാനും,തളിരിലകൾ കീടങ്ങൾ നശിപ്പിക്കാതിരിക്കാനും അവൾ ശ്രദ്ധിച്ചുപോന്നു. ഒരു കാവൽമാലാഖയെപ്പോലെയാണ് അവൾ ആ ചെടിയെ സംരക്ഷിച്ചു പോന്നത്.

മാസങ്ങൾ മുന്നോട്ടുപോയി മഞ്ഞുകാലമെത്തിയപ്പോൾ പനിനീർച്ചെടിയിൽ ചില്ലകൾ തോറും പൂക്കൾ തളിർത്ത് മനോഹരിയായി. പുലരിയെ നോക്കി ആ പൂമൊട്ടുകൾ മന്ദഹസിച്ചു. അപ്പോൾ അവളുടെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു തുളുമ്പി. ആ സന്ദർഭത്തെ കവിതയിൽ മനോഹരമായി വർണ്ണിച്ചിരിക്കുന്നു. ആർത്തിരമ്പുകയായയനുവേലമെന്ന ന്തരംഗത്തിലാനന്ദസാഗരം.

കവിത വായിക്കുമ്പോൾ നമുക്ക് ഏറ്റവും ആസ്വാദ്യകരമായി തോന്നുന്നത് ഒരു ചെടിയെ പരിപാലിക്കാൻ കുട്ടി കാണിക്കുന്ന ജാഗ്രതയും അത് വിവരിക്കാനായി കവിതയിൽ ഉപയോഗിച്ച മനോഹരമായ പദങ്ങളുമായിരിക്കും. ജാതമോദം,അനുവാസരം,സൗഭഗം,കാവൽമാലാഖ. തുടങ്ങിയ മനോഹരമായ വാക്കുകൾ ഇതിനുദാഹരണങ്ങളാണ്. കുട്ടിയുടെ മനസ്സിലുള്ള ആനന്ദം പൂർണ്ണതോതിൽ നമുക്ക് വിവരിച്ചുതരാൻ ഇതുവഴി കവിതക്കുസാധിച്ചിട്ടുണ്ട്.

SANUVS

# ആസ്വാദനക്കുറിപ്പ് (2)

## എന്റെ പനിനീർച്ചെടി

പ്രശസ്ത കവയിത്രിയായ മേരി ജോൺ കൂത്താട്ടുകുളം എഴുതിയ മനോഹരമായ കവിതയാണ് എന്റെ പനിനീർച്ചെടി. ഈ കവിതയിൽ ഒരു പെൺകുട്ടി നട്ടുവളർത്തിയ പനിനീർച്ചെടിയെ കുറിച്ചാണ് പറയുന്നത്. ഓരോ ദിവസവും അവൾ പനിനീർ ചെടിക്ക് തണുത്ത വെള്ളമൊഴിച്ചു കൊടുത്തു. ചെടിയിൽ പുതിയ തളിർ വരുന്നത് നോക്കി സന്തോഷിക്കുകയാണ് ആ പെൺകുട്ടി. പുതിയ മുളകളെ ചെറിയ കീടങ്ങൾ നശിപ്പിക്കാതെ കാക്കുകയും , ചെറിയ ഇലകൾ ഉച്ചവെയിലേറ്റു വാടാതെ നോക്കുകയും ചെയ്തപ്പോൾ ആ പെൺകുട്ടി ഒരു കാവൽ മാലാഖയായി മാറി. മഞ്ഞു കാലത്ത് പനിനീർച്ചെടി ആകെ തളിർത്തു മനോഹാരിയായി മാറുകയും മുത്തുപോലെയുള്ള മഞ്ഞുത്തുള്ളികൾ അണിഞ്ഞു സുമംഗലിയാവുകയും ചെയ്തു. ഓരോ ചില്ലയിലും പൂക്കൾ തളിർത്ത് നിൽക്കുന്ന പനിനീർച്ചെടിയെ കാണാൻ നല്ല ഭംഗിയാണ്. പൊൻപുലരിയെ നോക്കി ആ പൂമൊട്ടുകൾ മന്ദഹസിക്കുന്നത് കണ്ട പെൺകുട്ടിയുടെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു തുളുമ്പി.

കവിത വായിക്കുമ്പോൾ നമുക്ക് ഏറ്റവും ആസ്വാദ്യമായി തോന്നുന്നത് ഒരു ചെടിയെ പരിപാലിക്കുന്ന പെൺകുട്ടിയെയും അത് വിവരിക്കാനായി കവിതയിൽ ഉപയോഗിച്ച പദങ്ങളുമാണ്. കാവൽ മാലാഖ, ആർത്തിരമ്പുക, മനം കുളുർപ്പിക്കുവാൻ തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്.

# കവയിത്രി

## മേരിജോൺ കൂത്താട്ടുകുളം

1905 ജനുവരി 22ന് എറണാകുളം ജില്ലയിലെ കൂത്താട്ടുകുളത്ത് ജനിച്ചു. തപാൽ വകുപ്പിൽ ഉദ്യോഗസ്ഥയായിരുന്നു. 1988 ഡിസംബർ 2 ന് അന്തരിച്ചു.

**പ്രധാന കൃതികൾ** : അന്തിനക്ഷത്രം, ബാഷ്പ മണികൾ, പ്രഭാതപുഷ്പം, കാവ്യകൗമുദി, കാറ്റുപറഞ്ഞ കഥ.






color chalk
A TEAM OF TEACHERS

# പൂക്കവിതകൾ

## പൂക്കാലം

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ,
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു
ഉല്ലാസമീ നീണ്ട കൂകൂരവത്താ
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ

എൻ. കുമാരനാശാൻ

## പനിനീർപൂവിനോട്

ഞങ്ങടെ മുറ്റത്തു പൂത്തുനിൽക്കും
ചെമ്പനീർപൂവേ കുരുന്നുപൂവേ
കുങ്കുമച്ചാറിൽ കുളിച്ചുവോ നീ
എന്തൊരുചന്തമീ ചോപ്പുകാണാൻ
കുഞ്ഞിളംകാറ്റത്തു നൃത്തമാടും
ചെമ്പനീർപ്പൂവേ ചുവന്നപൂവേ
ചെഞ്ചായത്തൊട്ടിയിൽ വീണുവോ നീ
എന്തൊരു കൗതുകം മേനികാണാൻ !

സിപ്പി പള്ളിപ്പുറം

# പൂക്കവിതകൾ

## കൊച്ചുപൂവ്

ഇത്തിരിപ്പൂവേ ചുവന്ന പൂവേ
ഇത്ര നാളെങ്ങു നീ പോയി പൂവേ
മണ്ണിന്നടിയിലൊളിച്ചിരുന്നോ?
മറ്റുള്ള പൂക്കളെ കാത്തിരുന്നോ?
വന്നതു നന്നായി, തെല്ലുനേരം
വല്ലതും പാടിക്കളിക്കാം സ്വൈരം
ചെമ്മേറുമീയുടുപ്പാരുതന്നു
ചേച്ചിക്കൊന്നുമ്മവയ്ക്കാന തോന്നൂ.
കാറ്റടിച്ചോമനേ വീണിടൊല്ലേ
കാലത്തെ വെയിലേറ്റു വാടിടൊല്ലേ.

ജി. ശങ്കരക്കുറുപ്പ്

## പൂക്കളം

കാനനം വീണ്ടും തളിർത്തല്ലോ
കാവിലിലഞ്ഞികൾ പൂത്തല്ലോ
തുമ്പകൾ പുഞ്ചിരി തൂകുന്നു
തുമ്പികൾ പാറിക്കളിക്കുന്നു
കുന്നിൻ പുറങ്ങളിൽ മുക്കുറ്റി
പൊന്നേലസ്സിട്ടു കുണുങ്ങുന്നു
വാഴക്കുടപ്പനിൽ തേനുണ്ണും
അണ്ണാറക്കണ്ണൻ ചിലയ്ക്കുന്നു

മലയത്ത് അപ്പുണ്ണി

# പേപ്പർ റോസ് നിർമ്മിക്കാം...



color chalk
A TEAM of TEACHERS

# പിരിച്ചെഴുതാം

| | |
|---|---|
| ചെമ്പനിനീർച്ചെടി | ചെം + പനിനീർ+ചെടി |
| നാമ്പുണരുന്നത് | നാമ്പ് + ഉണരുന്നത് |
| ആർത്തിരമ്പുക | ആർത്ത് + ഇരമ്പുക |
| കുരുന്നില | കുരുന്ന് + ഇല |
| ശ്യാമളാംഗിയായെൻ | ശ്യാമളം + അംഗി + ആയ + എൻ |
| അങ്കണത്തിന്നലങ്കാരം | അങ്കണത്തിന് + അലങ്കാരം |
| പൊൻപുലരിത്തുടിപ്പ് | പൊൻ + പുലരി + തുടിപ്പ് |
| മുത്തണിഞ്ഞു | മുത്ത് + അണിഞ്ഞു |
| അനുവേലമെന്നന്തരംഗം | അനുവേലം + എൻ + അന്തരംഗം |
| സുമംഗലിയാകവേ | ഗുമംഗലി + ആകവേ |

# അർഥസൂചിക

| | |
|---|---|
| **അങ്കണം** | മുറ്റം |
| **അനുവാസരം** | ദിവസംതോറും |
| **അങ്കുരിക്കുക** | മുളയ്ക്കുക |
| **അംഗം** | അവയവം |
| **അനുവേലം** | എപ്പോഴും (കൂടെക്കൂടെ) |
| **അന്തരംഗം** | മനസ്സ് |
| **ഉല്ലസിക്കുക** | ശോഭിക്കുക |
| **കണം** | തുള്ളി |
| **ജാതം** | ജനിച്ചത്, ഉണ്ടായത് |
| **തുഷാരം** | മഞ്ഞ് |
| **നാമ്പ്** | തളിർ (കൂമ്പ്) |
| **പുൽകുക** | ആലിംഗനം ചെയ്യുക |
| **പുളകം** | രോമാഞ്ചം |
| **പുലരി** | പ്രഭാതം |
| **മനം** | മനസ്സ് |
| **മന്ദഹസിക്കുക** | പുഞ്ചിരിക്കുക |
| **മോദം** | സന്തോഷം |
| **വല്ലി** | വള്ളി |
| **വിസ്മരിക്കുക** | മറക്കുക |
| **ശീതളം** | തണുത്ത |
| **ശ്യാമളം** | കറുത്ത |
| **സാഗരം** | സമുദ്രം |
| **സൗഭഗം** | സൗന്ദര്യം |
| **ഹേമന്തം** | മഞ്ഞുകാലം |

# ചോദ്യങ്ങളും ഉത്തരങ്ങളും

color chalk
A TEAM OF TEACHERS

1. രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ തണ്ടിലേറ്റി നടത്തുന്നതും ഭവാൻ ആരുടെ വരികൾ ?

   പൂന്താനം

2. മേരിജോൺ കൂത്താട്ടുകുളത്തിന്റെ കൃതികൾ ഏവ ?

   അന്തിനക്ഷത്രം, ബാഷ്പമണികൾ, പ്രഭാതപുഷ്പം, കാവ്യകൗമുദി , കാറ്റുപറഞ്ഞ കഥ

3. കേരളത്തിന്റെ ഉപവസന്തകാലം എന്നറിയപ്പെടുന്നത് ഏത് ?

   ശരത്കാലം (ഓണക്കാലം)

4. ഭാരതീയ സങ്കൽപമനുസരിച്ച് ആറു ഋതുക്കൾ ആണ് ഉള്ളത് ? ഏതൊക്കെ ?

   വസന്തം, ഗ്രീഷ്മം, വർഷം, ശരത്, ഹേമന്തം, ശിശിരം

5. അന്തിനക്ഷത്രം എന്ന കവിതാസമാഹാരം ആരുടേതാണ് ?

   മേരിജോൺ കൂത്താട്ടുകുളം

6. എന്റെ പനിനീർച്ചെടി എന്ന കവിത എഴുതിയതാര് ? ഏതിൽ നിന്നെടുത്തതാണ് ?

മേരിജോൺ കൂത്താട്ടുകുളം രചിച്ച 'അന്തിനക്ഷത്രം' എന്ന കവിതാസമാഹാരത്തിലെ 'ജന്മവാസന' എന്ന കവിതയുടെ ആദ്യഭാഗം ആണ് എന്റെ പനിനീർച്ചെടി.

7. കൂട്ടത്തിൽപ്പെടാത്തത് ഏത് ?

(a) മുറ്റം

(b) ചത്വരം

(C) ശീതളം

(d) അങ്കണം

ശീതളം

8. ആർത്തിരമ്പുകയായനുവേലമെ
   ന്നന്തരംഗത്തിലാനന്ദസാഗരം

ഈ വരികൾ സൂചിപ്പിക്കുന്ന ആശയം എന്ത് ?

കുട്ടിയുടെ മനസ്സിൽ സന്തോഷമുണ്ടായി.